**ഈ പോളിസിയിൽ, നിക്ഷേപ പോർട്ട്ഫോളിയോയിലെ നിക്ഷേപ നഷ്ടസാദ്ധ്യതകൾ പോളിസിയുടമ വഹിക്കുന്നതാണ്.**

**''യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് പ്രൊഡക്ടുകൾ ഉടമ്പടിയുടെ ആദ്യത്തെ അഞ്ച് വർഷങ്ങളിൽ പണമാക്കി മാറ്റാൻ സാധിക്കുകയില്ല. അഞ്ചാം വർഷത്തിന്റെ അവസാനം വരെ പോളിസി ഉടമകൾക്ക് അവരുടെ പോളിസികൾ സറണ്ടർ ചെയ്യാനോ/ലിങ്ക്ഡ് ഇൻഷുറൻസ് പ്രൊഡക്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള തുക പൂർണ്ണമായോ ഭാഗികമായോ പിൻവലിക്കാനോ സാധിക്കുകയില്ല.''**

## എസ്ബിഐ ലൈഫ് - ഇവെൽത്ത് ഇൻഷുറൻസ് എന്തുകൊണ്ട്?

ജീവിതത്തിൽ മുന്നോട്ടു പോകുന്നതിന് സാമ്പത്തിക സുരക്ഷ അനിവാര്യമാണ്. ഇപ്പോൾ അത് എളുപ്പത്തിൽ നേടാൻ സാധിക്കും എസ്ബിഐ ലൈഫ് - ഇവെൽത്ത് ഇൻഷുറൻസിലൂടെ. ലളിതമായ ചില സ്റ്റെപ്പുകളിലൂടെ വാങ്ങാൻ സാധിക്കുന്ന ഈ ഇൻഡിവിഡ്വൽ, നോൺ-പാർട്ടിസിപ്പേറ്റിംഗ്, യൂണിറ്റ്-ലിങ്ക്ഡ് ലൈഫ് ഇൻഷുറൻസ് പ്രൊഡക്ടിലൂടെ നിങ്ങൾക്ക് നിങ്ങളുടെ സമ്പത്ത് വളർത്താൻ സാധിക്കുകയും നിങ്ങളുടെ കുടുംബത്തെ സംരക്ഷിച്ചുകൊണ്ട് നിങ്ങളുടെ അഭിലാഷങ്ങൾ നേടിയെടുക്കാൻ സാധിക്കുകയും ചെയ്യുന്നു.

## മുഖ്യ സവിശേഷതകൾ


- ലൈഫ് ഇൻഷുറൻസിന്റെയും വിപണി ബന്ധിത ആദായത്തിന്റെയും ഇരട്ട പ്രയോജനങ്ങൾ
- ഓട്ടോമാറ്റിക് അസ്സറ്റ് അലോക്കേഷനിലൂടെ ബുദ്ധിമുട്ടില്ലാത്ത നിക്ഷേപ കൈകാര്യം
- ഗ്രോത്ത്, ബാലൻസ്ഡ് എന്നീ രണ്ട് പ്ലാൻ ഓപ്ഷനുകളിൽ നിന്നും തിരഞ്ഞെടുക്കാനുള്ള അവസരം - പോളിസി കാലാവധിയിൽ ഇക്വിറ്റി, ഡെബ്റ്റ് അല്ലെങ്കിൽ മണി മാർക്കറ്റ് ഇൻസ്ട്രുമെന്റുകളിലെ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ
- പ്രതിമാസം ₹2000 ൽ തുടങ്ങുന്ന കുറഞ്ഞ പ്രീമിയം
- പ്രീമിയം അലോക്കേഷൻ ചാർജ്ജ് ഇല്ലാത്തതിനാൽ ഫണ്ട് വാല്യു വർദ്ധിക്കുന്നു
- ലളിതവും സുഗമവുമായ 3 സ്റ്റെപ്പിൽ ഓൺലൈൻ ആയി വാങ്ങാൻ ഉള്ള സൗകര്യം
- 6-ാം പോളിസി വർഷം മുതൽ ഭാഗികമായ പിൻവലിക്കലുകളിലൂടെയുള്ള ലിക്വിഡിറ്റി
- നിങ്ങൾ അടയ്ക്കുന്ന പ്രീമിയങ്ങൾക്ക് സെക്ഷൻ 80C പ്രകാരവും മെച്യൂരിറ്റി തുകയ്ക്ക് സെക്ഷൻ 10 (10D) പ്രകാരവുമുള്ള നികുതി ഇളവുകൾ നിബന്ധനകൾക്കു വിധേയമായി ലഭിച്ചേക്കാം*

*നികുതി ആനുകൂല്യങ്ങൾ, ആദായ നികുതി ചട്ടങ്ങൾ പ്രകാരമാണ് അവ കാലാകാലങ്ങളിൽ മാറ്റത്തിന് വിധേയമാണ്. കൂടുതൽ വിവരങ്ങൾക്കായി ദയവായി താങ്കളുടെ നികുതി ഉപദേഷ്ടാവുമായി ചർച്ച ചെയ്യുക.

## പദ്ധതി വിവരണം


| ശ്രീ. ടിയ എസ്ബിഐ ലൈഫ് - ഇവെൽത്ത് ഇൻഷുറൻസ് പോളിസി എടുത്തു. വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ് : | | |
|---|---|---|
| പ്രായം : 28 വയസ് | പ്ലാൻ ഇനം - റെഗുലർ<br>തവണ - വാർഷികം | പോളിസി കാലയളവ് : 30 വർഷം<br>പ്രീമിയം അടവ് കാലയളവ് (പിപിടി) : 30 വർഷം |
| പ്രീമിയം - ₹1,00,000 പ്ര.വ. | സം അഷ്വേർഡ് - ₹10,00,000 | പ്ലാൻ ഓപ്ഷൻ - ഗ്രോത്ത് പ്ലാൻ |

1. **മെച്യൂരിറ്റി ബെനിഫിറ്റ് (ലംപ്സം):**
മച്ച്യൂരിറ്റി തീയതിയിൽ അജയിന്റെ മച്ച്യൂരിറ്റി ബെനിഫിറ്റ് അനുമാനിത നിക്ഷേപ ആദായം അനുസരിച്ച് താഴെയുള്ള പട്ടികയിൽ കൊടുത്തിരിക്കും പ്രകാരമായിരിക്കും:



2. **ഡെത്ത് ബെനിഫിറ്റ് (ലംപ്സം):**

20-ാം പോളിസി വർഷത്തിൽ നിർഭാഗ്യവശാൽ ടിയ മരിക്കുകയാണെങ്കിൽ, ഡെത്ത് ബെനിഫിറ്റ് അനുമാനിത നിക്ഷേപ ആദായം അനുസരിച്ച് താഴെയുള്ള പട്ടികയിൽ കൊടുത്തിരിക്കും പ്രകാരമായിരിക്കും:




^^ഫണ്ട് വാല്യു സംഖ്യകൾ വിശദീകരണ ഉദ്ദേശ്യത്തിനു വേണ്ടിയുള്ളതും ആരോഗ്യമുള്ള ഒരു വ്യക്തിക്കുള്ളതുമാണ്. മുകളിൽ കൊടുത്തിരിക്കുന്ന അനുമാനിത ആദായ നിരക്കുകളായ @4%, @8% പ്ര.വ. ബാധകമായ എല്ലാ ചാർജ്ജുകളും പരിഗണിച്ചതിനു ശേഷമുള്ള വിശദീകരണ സാഹചര്യങ്ങൾ മാത്രമാണെന്ന കാര്യം ദയവായി ശ്രദ്ധിക്കുക. അവ ഉറപ്പു നൽകപ്പെട്ടിട്ടുള്ളതല്ലെന്നു മാത്രമല്ല അവ ആദായത്തിന്റെ ഉയർന്നതോ താഴ്ന്നതോ ആയ പരിധികളുമല്ല. യൂണിറ്റ് ലിങ്ക്ഡ് ലൈഫ് ഇൻഷുറൻസ് പ്രൊഡക്റ്റുകൾ മാർക്കറ്റ് റിസ്കിനു വിധേയമാണ്. ഈ കോൺട്രാക്റ്റിനു കീഴിൽ ഓഫർ ചെയ്യപ്പെടുന്ന വിവിധ ഫണ്ടുകൾ ആ ഫണ്ടുകളുടെ പേരുകൾ മാത്രമാണ്. അവ യാതൊരു വിധത്തിലും ഈ പ്ലാനുകളുടെ ഗുണമേന്മയെയോ ഭാവി സാധ്യതകളെയോ ആദായത്തെയോ സൂചിപ്പിക്കുന്നില്ല. കൂടുതൽ വിവരങ്ങൾക്ക് ദയവായി നിങ്ങളുടെ പോളിസിക്കു വേണ്ടിയുള്ള പ്രത്യേക ആനുകൂല്യ വിശദീകരണം അഭ്യർത്ഥിക്കുക.

## പ്ലാൻ ഒറ്റ നോട്ടത്തിൽ

<table>
<tr><td>തുടക്കത്തിലെ പ്രായം#</td><td colspan="3">5 മുതൽ 50 വാർഷം വരെ</td></tr>
<tr><td>മച്ച്യൂരിറ്റിയിലെ പ്രായ#</td><td colspan="3">പരമാവധി : 60 വാർഷം</td></tr>
<tr><td>പോളിസി കാലാവധി</td><td colspan="3">10 മുതൽ 30 വാർഷം വരെ (രണ്ടും ഉൾപ്പെടെ)</td></tr>
<tr><td>പ്രീമിയം അടയ്ക്കുന്ന രീതി</td><td colspan="3">റെഗുലർ പ്രീമിയം</td></tr>
<tr><td>പ്രീമിയം അടയ്ക്കുന്ന ഫ്രീക്വൻസി</td><td colspan="3">വാർഷികം, മാസികം</td></tr>
<tr><td>പ്രീമിയം അടയ്ക്കുന്ന കാലാവധി</td><td colspan="3">പോളിസി കാലയളവ് പോലെ</td></tr>
<tr><td rowspan="4">പ്രീമിയം റേഞ്ച്<br>(₹100 ന്റെ ഗുണിതങ്ങളിൽ)</td><td rowspan="2">പ്രീമിയം അടയ്ക്കുന്ന ഫ്രീക്വൻസി</td><td colspan="2">പ്രീമിയം റേഞ്ച്</td></tr>
<tr><td>കുറഞ്ഞത്</td><td>പരമാവധി</td></tr>
<tr><td>വാർഷികം</td><td>₹24,000 പ്രതി വർഷം</td><td>പരിധിയില്ല, ബോർഡ് അംഗീകരിച്ച അണ്ടർറൈറ്റിംഗ് പോളിസിക്കു വിധേയം</td></tr>
<tr><td>മാസികം</td><td>₹2,000 പ്രതി മാസം</td><td>പരിധിയില്ല, ബോർഡ് അംഗീകരിച്ച അണ്ടർറൈറ്റിംഗ് പോളിസിക്കു വിധേയം</td></tr>
<tr><td>ബേസിക് സം അഷ്വേർഡ്</td><td colspan="3">വാർഷികൃത ബേസിക് പ്രീമിയം^ * 10</td></tr>
</table>

#എല്ലാ പ്രായം നിർണ്ണയിക്കലും കഴിഞ്ഞ ജന്മദിനത്തിലെ വയസ്സ് അടിസ്ഥാനമാക്കിയാണ്.

^ഇവിടെ വാർഷികൃത പ്രീമിയം എന്നാൽ ഒരു വർഷത്തിൽ അടയ്ക്കേണ്ട പ്രീമിയമാണ്, ബാധകമായിട്ടുള്ള നികുതികൾ ഒഴികെ.

**ശ്രദ്ധിക്കുക:**

1. ഇൻഷ്വർ ചെയ്യപ്പെട്ടയാൾ മൈനറാണെങ്കിൽ, കുറഞ്ഞപക്ഷം മെച്യൂരിറ്റി തീയതിയിൽ ഇൻഷ്വർ ചെയ്യപ്പെട്ടയാൾ മേജർ ആകുന്നതിനു യോജിച്ച പോളിസി കാലാവധി തിരഞ്ഞെടുക്കേണ്ടതാണ്.
2. ഇൻഷ്വർ ചെയ്യപ്പെടുന്നയാൾ മൈനറാണെങ്കിൽ പോളിസി തുടങ്ങുന്ന തീയതിയും പരിരക്ഷ ആരംഭിക്കുന്ന തീയതിയും ഒന്നുതന്നെ ആയിരിക്കും. പോളിസിഹോൾഡർ/പ്രൊപ്പോസർ പേരന്റ്സ്, ഗ്രാന്റ്പേരന്റ്സ് അല്ലെങ്കിൽ രക്ഷകർത്താവ് ആകാം. ഇത് ഞങ്ങളുടെ ബോർഡ് അംഗീകൃത അണ്ടർറൈറ്റിംഗ് പേളിസി അനുസരിച്ചായിരിക്കും.
3. ഈ പ്രൊഡക്റ്റിനു കീഴിൽ ടോപ്-അപ്പ് പ്രീമിയങ്ങൾ അനുവദനീയമല്ല.

## റിബേറ്റ് നിരോധനം

**ഇൻഷുറൻസ് ആക്ട് 1938ന്റെ ചട്ടം 41 അതാതു സമയത്ത് ഭേദഗതി ചെയ്ത വിധം പ്രസ്താവിക്കുന്നത് :**

1) ഇന്ത്യയിലെ ഏതെങ്കിലും വ്യക്തികളേയോ, ആസ്തിയോ സംബന്ധിച്ചുള്ള ഏതെങ്കിലും ഇനം റിസ്കിന്റെ കാര്യത്തിൽ ഒരു ഇൻഷുറൻസ് എടുക്കുവാനോ പുതുക്കുവാനോ തുടരുവാനോ ഏതെങ്കിലും വ്യക്തിയെ പ്രേരിപ്പിച്ചുകൊണ്ട് നേരിട്ടോ അഥവാ അല്ലാതെയോ നൽകേണ്ട കമ്മീഷന്റെ മൊത്തമോ ഭാഗികമോ ആയ ഏതെങ്കിലും റിബേറ്റ് അഥവാ പോളിസിയിൽ കാണിച്ച പ്രീമിയത്തിന്റെ ഏതെങ്കിലും റിബേറ്റ്, അതുപോലെ ഒരു പോളിസി എടുപ്പിക്കുന്നതോ പുതുക്കുന്നതോ തുടരുന്നതോ ആയ ഏതെങ്കിലും വ്യക്തി ഇൻഷുററുടെ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസുകൾ അഥവാ പട്ടികകൾക്ക് അനുസൃതമായി അനുവദിച്ചേക്കാവുന്ന റിബേറ്റുകൾ ഒഴിച്ചാൽ ഒരു വ്യക്തിയേയും അനുവദിക്കുന്നതല്ല അഥവാ അനുവാദം നൽകുന്നതല്ല.

2) ഈ വകുപ്പിന്റെ ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഏത് വ്യക്തിയും രൂപ പത്തുലക്ഷം വരെ വർധിപ്പിച്ചേക്കാവുന്ന പിഴയടക്കുവാൻ ബാദ്ധ്യസ്ഥനാകും.

**Toll-free No.:** 1800 267 9090 | SMS ‘**LIBERATE**’ to 56161 | **Email:** info@sbilife.co.in | **Web:** www.sbilife.co.in
(Between 9.00 am & 9.00 pm)

എസ്ബിഐ ലൈഫ് - ഇവെൽത്ത് ഇൻഷുറൻസ് ഒരു ഇൻഡിവിഡ്വൽ, യൂണിറ്റ് ലിങ്ക്ഡ്, നോൺ പാർട്ടിസിപ്പേറ്റിംഗ്, ലൈഫ് ഇൻഷുറൻസ് പ്രൊഡക്റ്റ് ആണ്.

**വ്യാജ ഫോൺ കോളുകളെയും കപടമായ/വഞ്ചനാപരമായ ഓഫറുകളെയും സൂക്ഷിക്കുക.**
IRDAI ഏതെങ്കിലും തരത്തിലുള്ള ഇൻഷുറൻസ് പോളിസികൾ വിൽക്കുകയോ ബോണസ് പ്രഖ്യാപിക്കുകയോ അല്ലെങ്കിൽ പ്രീമിയ നിക്ഷേപങ്ങൾ നടത്തുകയോ ചെയ്യുന്നില്ല. ഇത്തരത്തിലുള്ള ഫോൺ കോളുകൾ ലഭിക്കുന്ന പൊതു ജനങ്ങൾ പൊലീസിൽ പരാതി സമർപ്പിക്കേണ്ടതാണ്.

യൂണിറ്റ് ലിങ്ക്ഡ് ലൈഫ് ഇൻഷുറൻസ് ഉല്പന്നങ്ങൾ പരമ്പരാഗത ഇൻഷുറൻസ് ഉല്പന്നങ്ങളിൽനിന്ന് വ്യത്യസ്തമാണ്, അവ വിപണിയിലെ നഷ്ടസാദ്ധ്യതകൾക്ക് വിധേയമാണ്. യൂണിറ്റ് ലിങ്ക്ഡ് പോളിസിയിൽ അടയ്ക്കുന്ന പ്രീമിയം മൂലധന വിപണികളുമായി ബന്ധപ്പെട്ട നിക്ഷേപ നഷ്ടസാദ്ധ്യതകൾക്ക് വിധേയമാണ്. ഫണ്ടിന്റെ പ്രവർത്തനത്തിന്റെയും മൂലധന വിപണിയെ ബാധിക്കുന്ന ഘടകങ്ങളുടെയും അടിസ്ഥാനത്തിൽ യൂണിറ്റുകളുടെ അറ്റ ആസ്തി മൂല്യത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായേക്കാവുന്നതും ഇൻഷുറൻസ് എടുക്കുന്ന ആൾ അദ്ദേഹത്തിന്റെ/അവരുടെ തീരുമാനങ്ങൾക്ക് ഉത്തരവാദിത്വം വഹിക്കുന്നതും ആണ്. എസ്ബിഐ ലൈഫ് ഇൻഷുറൻസ് കമ്പനി ലി. എന്നത് ഇൻഷുറൻസ് കമ്പനിയുടെ പേരും, എസ്ബിഐ ലൈഫ് - ഇവെൽത്ത് ഇൻഷുറൻസ് എന്നത് യൂണിറ്റ് ലിങ്ക്ഡ് ഇൻഷുറൻസ് ഉടമ്പടിയുടെ പേരും മാത്രമാണ്. അത് യാതൊരു രീതിയിലും ഉടമ്പടിയുടെ ഗുണമേന്മയേയോ അതിന്റെ ഭാവിയിലെ ലാഭസാദ്ധ്യതകളേയോ വരുമാനങ്ങളേയോ സൂചിപ്പിക്കുന്നില്ല. ബന്ധപ്പെട്ട നഷ്ടസാദ്ധ്യതകളെയും ബാധകമായ ചാർജ്ജുകളെയും സംബന്ധിച്ച് നിങ്ങളുടെ ഇൻഷുറൻസ് ഏജൻറിൽനിന്നോ ഇടനിലക്കാരിൽനിന്നോ ഇൻഷുറൻസ് സ്ഥാപനത്തിന്റെ പോളിസി ഡോക്യുമെന്റിൽനിന്നോ ദയവായി മനസ്സിലാക്കുക. ഈ ഉടമ്പടി പ്രകാരം നൽകുന്ന വിവിധ ഫണ്ടുകൾ ഫണ്ടിന്റെ പേരുകൾ മാത്രമാണ്, അവ ഈ പ്ലാനുകളുടെ ഗുണമേന്മയോ ഭാവിയിലെ ലാഭസാദ്ധ്യതകളേയോ വരുമാനങ്ങളേയോ ഒരു വിധത്തിലും സൂചിപ്പിക്കുന്നില്ല. ഫണ്ട് ഓപ്ഷനുകളുടെ കഴിഞ്ഞകാല പെർഫോമൻസ് ഭാവി പെർഫോമൻസിന്റെ സൂചികയല്ല. ഈ പോളിസിക്കു കീഴിൽ നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നികുതി നിയമങ്ങൾക്കും സമയാ സമയങ്ങളിൽ നിലവിലുള്ള സാമ്പത്തിക നിയമങ്ങൾക്കും വിധേയമാണ്. വിശദ വിവരങ്ങൾക്ക് ദയവായി നിങ്ങളുടെ നികുതി ഉപദേഷ്ടാവുമായി ബന്ധപ്പെടുക. നഷ്ടസാധ്യതകൾ, നിബന്ധനകളും വ്യവസ്ഥകളും എന്നിവയുടെ വിശദവിവരങ്ങൾക്ക്, ഒരു ഇടപാട് ഉറപ്പിക്കുന്നതിനു മുൻപ് ദയവായി സെയിൽസ് ലഘുലേഖ ശ്രദ്ധിച്ചു വായിക്കുക. മുകളിൽ പ്രദർശിപ്പിച്ചിരിക്കുന്ന ട്രേഡ് ലോഗോ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ അധീനതയിൽ ഉള്ളതും ലൈസൻസ് പ്രകാരം എസ്ബിഐ ലൈഫ് ഉപയോഗിച്ചിട്ടുള്ളതുമാണ്. എസ്ബിഐ ലൈഫ് ഇൻഷുറൻസ് കമ്പനി ലി., റജിസ്റ്റേർഡ് ആന്റ് കോർപറേറ്റ് ഓഫീസ് : നടരാജ്, എം. വി. റോഡ് ആന്റ് വെസ്റ്റേൺ എക്സ്പ്രസ് ഹൈവേ ജങ്ഷൻ, അന്ധേരി (ഈസ്റ്റ്), മുംബൈ-400069. **IRDAI റെജി. നം.111** | CIN : L99999MH2000PLC129113.

NW/1Q/ver1/03/22/SP/MAL